# രാസകീടനാശിനികളേ വിട; ഇനി 'നന്മ'യും 'മേന്മ'യും മതി



നേന്ത്രവാഴയിൽ മേന്മ കുത്തിവെക്കുന്നു

കെ.ബാലകൃഷ്ണൻ

കാസർകോട്: മടിക്കൈയിലെയും പെരിയയിലെയും എളേരിയിലെയും ബേഡകത്തെയും കയ്യൂരിലെയും നോക്കെത്താദൂരത്തോളം ഉള്ള നേന്ത്രവാഴകളെ കൈയൊഴിഞ്ഞുപോവുകയാണിപ്പോൾ തടതുരപ്പന്മാർ. ജൈവകീടനാശിനിയായ 'നന്മ'യും 'മേന്മ'യും തോട്ടങ്ങളിലെത്തിയതോടെ വാഴകൾ പൂർവാധികം ഹരിത കോർജത്തോടെ തഴച്ച് വളരുകയാണ്.

തടതുരപ്പൻ അഥവാ തണ്ടുതുരപ്പൻ കീടങ്ങളുടെ ആക്രമണം കൊണ്ട് കുലയ്ക്കുന്നതിനുമുമ്പ് വാടി വീണുപോവുകയായിരുന്നു കാൽഭാഗത്തോളം നേന്ത്ര വാഴകൾ. കീടബാധ തടയാൻ രാസകീടനാശിനികളെ ആശ്രയിക്കുക മാത്രമായിരുന്നു ഗതി. രാസകീടനാശിനി കാരണം ഇന്നും കണ്ണീർ കുടിക്കുന്ന കാസർകോട് ജില്ല ഇപ്പോൾ ജൈവജില്ലയാണ്. രാസകീടനാശിനിയോട് ഔദ്യോഗികമായെങ്കിലും വിടപറഞ്ഞ് ജൈവകൃഷിയിലേക്ക് പ്രവേശിച്ചുകഴിഞ്ഞ ജില്ല. തിരുവനന്തപുരത്തെ കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രവും കാസർകോട്ടെ കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവും കൈകോർത്ത് തുടർച്ചയായ പരീക്ഷണം നടത്തിയപ്പോൾ 'മേന്മ'യുണ്ടായി. മേന്മയിൽ നിന്നാകട്ടെ 'നന്മ'യെയും രൂപപ്പെടുത്താ നായി. ഇതു രണ്ടുംകൂടിയായപ്പോൾ പാർശ്വഫലമൊന്നുമില്ലാത്ത കീടനാശിനിയായി.

തിരുവനന്തപുരത്തെ കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞനായ ഡോ.ജയപ്രകാശ് മരച്ചീനിയുടെ ഇലയിൽ നിന്നാണ് 'മേന്മ'യെന്ന ജൈവകീടനാശിനി നിർമിച്ചത്. മേന്മയിൽ നിശ്ചിത അളവിൽ വേപ്പെണ്ണയും അലക്കു സോപ്പിന്റെ മിശ്രിതവും ചേർത്ത് 'നന്മ'യുമുണ്ടാക്കി. 2013-ൽ കാസർകോട്ടെ ഏഴ് പഞ്ചായത്തുകളിൽ കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞന്മാരുടെ നേതൃത്വത്തിൽ പതിനായിരത്തോളം വാഴകളിൽ ഇത് പരീക്ഷിക്കുകയും ഫലപ്രദമാണെന്ന് കണ്ടെത്തുകയും ചെയ്തു. കഴിഞ്ഞവർഷം ഇതേ പഞ്ചായത്തുകളിലെ കാൽ ലക്ഷം വാഴകളിൽ പരീക്ഷിച്ചപ്പോഴും ഏറെ ഗുണകരമാണെന്ന് കണ്ടു. വ്യാവസായികാടിസ്ഥാനത്തിൽ ഉത്പാദനം തുടങ്ങാനാവാത്തതിനാൽ ആവശ്യക്കാർക്കെല്ലാം വിതരണം ചെയ്യാനാവാത്ത സ്ഥിതിയാണെന്ന് കീടനാശിനി കണ്ടുപിടിച്ച ഡോ.ജയപ്രകാശും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞരായ ഡോ.എസ്.ലീന, ഡോ.മനോജ്കുമാർ എന്നിവരും 'മാതൃഭൂമി'യോട് പറഞ്ഞു. നിലവിൽ തിരുവനന്തപുരം ശ്രീകാര്യത്തെ കിഴങ്ങ് ഗവേഷണ കേന്ദ്രത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ മേന്മ നിർമിക്കുന്നുണ്ട്. അവിടെ നിന്ന് മേന്മ കൊണ്ടുവന്ന് കാസർകോട്ടെ തോട്ടവിള ഗവേഷണ കേന്ദ്രത്തിൽ നന്മ നിർമിക്കുന്നു. .

തടതുരപ്പൻ എന്ന വാഴപ്പുഴുവിന്റെ ശല്യം പൂർണമായും ഒഴിവാക്കാൻ മേന്മയും നന്മയും സഹായകമാണെന്ന് എളേരിയിലെ വാഴക്കൃഷിക്കാരായ കവിളുകാട്ടിൽ സിബി തോമസും പെരിയയിലെ എ. കുഞ്ഞമ്പുനായരും സാക്ഷ്യപ്പെടുത്തുന്നു.

മടിക്കൈയിലെ 24 സ്വാശ്രയസംഘങ്ങൾ നടത്തുന്ന പതിനായിരക്കണക്കിന് വാഴകളുള്ള തോട്ടങ്ങളിൽ ഇത്തവണ കീടങ്ങളെയകറ്റാൻ നന്മയും മേന്മയും ഉപയോഗിക്കുന്നു. ഈ കീടനാശിനി ഉപയോഗിക്കാൻ വാഴയൊന്നിന് അഞ്ച് രൂപയേ ചെലവ് വരികയുള്ളൂ. മേന്മയ്ക്ക് ലിറ്ററിന് നൂറ് രൂപയും നന്മയ്ക്ക് 270 രൂപയുമാണ് സി.ടി.സി.ആർ.ഐ. ഈടാക്കുന്നത്.